(സി) മഞ്ചേരി അസംബ്ലി നിയോജക മണ്ഡലത്തിൽ നറുകര, മുതുവല്ലൂർ വില്ലേജുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ—സി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഫ്ളൈഓവറുകൾ പണിയുവാനുള്ള നടപടി

*15 [135] ശ്രീ. ബി വിജയകുമാർ:
,, എ. സുജനപാൽ:
,, ടി. യു. രാധാകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗതം സുഖകരമാക്കുവാൻ എവിടെയെല്ലാം ഫ്ളൈഓവറുകൾ പണിയുവാനുദ്ദേശമുണ്ട്;

(ബി) ഇവയുടെ പണി ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവയുടെ പണി എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് പറയുമോ;

(ഡി) അവയുടെ പണി സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളെടുക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) തിരുവനന്തപുരം ജില്ലയിൽ ബേക്കറി ജംഗ്ഷനിലും, തകരപറമ്പ് റോഡ് ജംഗ്ഷനിലും, കോഴിക്കോട് ജില്ലയിൽ എരഞ്ഞിപാലം, അരയിടത്ത് പാലം, മലപ്പുറം ജില്ലയിൽ എടപ്പാൾ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫ്ളൈഓവറുകൾ പണിയുവാൻ ഉദ്ദേശമുണ്ട്.

(ബി) ഇക്കാര്യം അന്തിമമായി തീരുമാനിച്ചിട്ടില്ല.

(സി) തലസ്ഥാന വികസന പദ്ധതിയിൻകീഴിലുള്ള രണ്ട് ഫ്ളൈ ഓവറുകളുടെ പണി മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തുടങ്ങുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. മറ്റ് ഫ്ളൈ ഓവറുകളുടെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ഡി) തിരുവനന്തപുരത്തെ രണ്ട് ഫ്ളൈ ഓവറുകളും വരുന്ന രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly